UNIVERSITY OF KERALA
कर्मणि व्यज्यते प्रज्ञा

# കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **160/2026** തിരുവനന്തപുരം, തീയതി : **30/07/2026**

## പത്രക്കുറിപ്പ്

### കേരള സർവകലാശാല
### ബിഎഡ് പ്രവേശനം 2026 – 27
### ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കും (ജനറൽ/ എസ് സി/എസ്ടി/മറ്റ് സംവരണ വിഭാഗങ്ങൾ), ഡിഫെൻസ് ക്വാട്ട, സ്പോർട്സ് ക്വാട്ട, കെയുസിറ്റിഇ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്കും സ്പോട്ട് അലോട്ട്മെന്റ് ജൂലൈ 31, ആഗസ്റ്റ് 01 തീയതികളിൽ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ, സ്വാശ്രയ കോളേജുകൾ എന്നിവയിലേക്കുള്ള ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കും (ജനറൽ/എസ്.സി/എസ്.ടി മറ്റ് സംവരണ വിഭാഗങ്ങൾ), ഡിഫെൻസ് ക്വാട്ട, സ്പോർട്സ് ക്വാട്ട, കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്കും സ്പോട്ട് അലോട്ട്മെന്റ് ജൂലൈ 31, ആഗസ്റ്റ് 01 തീയതികളിൽ കൊല്ലം എസ്.എൻ കോളേജിൽ വച്ച് നടത്തുന്നു. അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| Date | Subjects |
|---|---|
| 31/07/2026 | ENGLISH, HINDI, ARABIC, SANSKRIT, TAMIL ,NATURAL SCIENCE, COMMERCE, DEFENSE QUOTA, SPORTS QUOTA,<br><br>KUCTE MANAGEMENT QUOTA<br>(ENGLISH, HINDI ARABIC, SANSKRIT, TAMIL ,NATURAL SCIENCE, COMMERCE) |
| 01/08/2026 | SOCIAL SCIENCE, , MALAYALAM, PHYSICAL SCIENCE , MATHEMATICS, GEOGRAPHY,<br>KUCTE MANAGEMENT QUOTA ( SOCIAL SCIENCE, MALAYALAM, PHYSICAL SCIENCE , MATHEMATICS, GEOGRAPHY) |

രജിസ്ട്രേഷൻ സമയം രാവിലെ 8.30 മണി മുതൽ 10 മണി വരെ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്നവരെ കൃത്യസമയത്ത് ഹാജരായ വിദ്യാർത്ഥികൾക്ക് ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ.

അലോട്ട്മെന്റ് സെന്ററിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (auhorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി വാങ്ങാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക് ലിസ്റ്റുകളും യോഗ്യതയും ജാതിയും (നോൺക്രീമിലെയർ, കമ്മ്യൂണിറ്റി, ഇ.ഡബ്ല്യൂ.എസ്, വരുമാനം, ഭിന്നശേഷി – more than 40%) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും കൈവശം കരുതണം.

ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് ഹാജകരാക്കേണ്ടതാണ്. നിലവിൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ അഡ്മിറ്റ് മെമ്മോയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും ഹാജരാക്കിയാൽ മതിയാകും. ഡിഫെൻസ് ക്വാട്ട സീറ്റിലേക്ക് അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ ജില്ലാ സൈനിക ക്ഷേമ ഓഫീസറിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

ഇതര സർവകലാശാലകളിൽ നിന്നും ഡിഗ്രി/പിജി പൂർത്തിയാക്കിയ വിദ്യാർഥികൾ പ്രസ്തുത കോഴ്സുകൾ ബി.എഡ് പഠനത്തിന് കേരള സർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് കോളേജിൽ ഹാജരാക്കണം. നിലവിൽ കെ.യു.സി.റ്റി.ഇ. മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്തവരെയും, രജിസ്റ്റർ ചെയ്തവരെ പരിഗണിച്ച ശേഷം അവശേഷിക്കുന്ന സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്.

അതാത് വിഭാഗങ്ങളുടെ അഭാവത്തിൽ ഒഴിവുള്ള സീറ്റുകൾ പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുള്ള മാനദണ്ഡപ്രകാരം സീറ്റ് കൺവെർഷൻ നടത്തി അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയാക്കുന്നതാണ്. അഡ്മിഷൻ സംബന്ധിച്ചുള്ള അതാതു സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രക്കുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (https://admissions.keralauniversity.ac.in) ശ്രദ്ധിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക്: ഹെൽപ്പ് ലൈൻ നമ്പർ : 8281883053 ( Whatsapp also), ഇ-മെയിൽ : bedadmission@keralauniversity.ac.in.

## പരീക്ഷാഫലം

കേരളസർവകലാശാല 2026 ഫെബ്രുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (റെഗുലർ - 2022 അഡ്മിഷൻ, സപ്ലിമെന്ററി - 2018 - 2021 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ആഗസ്റ്റ് 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**